

THURSDAY 29/08/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/08/2024

1. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായ കാർഷികോത്സവത്തിൻ്റെ രണ്ടാം പതിപ്പ് കളമശ്ശേരി പ്രീമിയർ ജംഗ്ഷനിലെ ചാക്കോളാസ് പവലിയനിലെ വേദിയിൽ സെപ്തംബർ 7 മുതൽ 13 വരെ സംഘടിപ്പിക്കുന്നു. കളമശ്ശേരിയിലെ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വ്യത്യസ്ത ഇനം വിളകളെ അടിസ്ഥാനമാക്കിയുള്ള 20 കാർഷിക സംഗമങ്ങളും സെമിനാറുകളുമാണ് സംഘടിപ്പിക്കുന്നത്. കൃഷി, വ്യവസായം, ടൂറിസം, സഹകരണം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും സ്റ്റാളുകൾ മേളയിലുണ്ടാകും. സഹകരണ ബാങ്കുകളുടെ സ്റ്റോളുകളും മേളയിൽ പങ്കെടുക്കും.

2. ഇരുപത്തൊന്നാമതു കന്നുകാലി സെൻസസ് രാജ്യത്തെ മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും സെപ്റ്റംബർ മാസം മുതൽ ആരംഭിക്കുന്നു. നമ്മുടെ കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു വിവരശേഖരണം അത്യന്താപേക്ഷിതമാണ്. കണക്കെടുപ്പിനായി സെപ്റ്റംബർ 2 മുതലുള്ള ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള എന്യൂമറേറ്റർമാർ വീടുകളിലും സ്ഥാപനങ്ങളിലും എത്തുന്നതാണ്. 3500 ലധികം വരുന്ന സംസ്ഥാനത്തെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചു വളർത്തുമൃഗങ്ങളെ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാല, കാർഷിക കോളേജ് അമ്പലവയലിൽ ഒഴിവുള്ള വിവിധ അസിസ്റ്റൻ്റ് പ്രൊഫസർ (കരാർ)തസ്തികകളിലേക്ക് താൽകാലിക നിയമനം നടത്തുന്നു.10.09.2024 നു നടത്തുന്ന വാക് ഇൻ ഇൻറർവ്യൂ വഴിയാണ് നിയമനം.വിവിധ

വിഭാഗങ്ങളായി 16 ഒഴിവുകളാണുള്ളത്. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പരിശീലന പരിപാടി

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 സെപ്റ്റംബർ 03 മുതൽ 0 7 വരെ 5 ദിവസത്തെ 'ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ആഗസ്റ്റ് 31-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ

സമ്പൂർണ്ണ ജൈവ കൃഷി തിരുവനന്തപുരം

സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2024 സെപ്റ്റംബർ 11, ബുധനാഴ്ച്ച ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 സെപ്റ്റംബർ 10 ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **'സുരക്ഷിതമായ പാലുൽപ്പാദനം'** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 29, 30 തീയതികളിലായി 2 ദിവസത്തെ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447479807, 9496332048 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സാപ്പ് ചെയ്തോ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. റബ്ബർബോർഡിന്റെ മുക്കട സെൻട്രൽ നഴ്സറിയിൽ നിന്ന് ആർആർഐഐ 430, ക്രൗൺ ബഡ്ഡിങ്ങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്നീ ഇനങ്ങളുടെ ബഡ്ഡുവുഡ്സ് ലഭ്യമാണ്. എഫ്.എക്സ്. 516 - ന്റെ ബഡ്ഡുവുഡ്സ് മീറ്റർ ഒന്നിന് 50 രൂപയും ആർആർഐഐ 430 - ന്റെ ബഡ്ഡുവുഡ്സ് മീറ്റർ ഒന്നിന് 30 രൂപയുമാണ് വില. ബഡ്ഡുവുഡ്സുകൾ ആവശ്യമുള്ള കർഷകർ മുക്കട സെൻട്രൽ നഴ്സറിയുമായി 8848880279 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം